## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2818

20 .03.2015-ൽ
മറുപടിയ്ക്ക്

# 'റവന്യൂ ദിനം'

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. പാലോട് രവി | ശ്രീ.അടൂർ പ്രകാശ്<br>റവന്യൂവും കയറും വകുപ്പ് മന്ത്രി |
| (എ) റവന്യൂ ദിനം പ്രഖ്യാപിച്ച് ആഘോഷങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ആഘോഷങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്; | (എ) സംസ്ഥാനത്ത് റവന്യൂ ദിനം പ്രഖ്യാപിച്ച് ആഘോഷങ്ങൾ നടത്തിയിട്ടുണ്ട്. കേരളത്തിലെ ഭൂപരിഷ്കരണ പ്രവർത്തനങ്ങൾ വ്യവസ്ഥാപിതമാക്കുന്നതിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ 1886 ഫെബ്രുവരി 24-ലെ റവന്യൂ സെറ്റിൽമെന്റ് പ്രൊക്ളമേഷൻെറ പ്രാധാന്യം കണക്കിലെടുത്തു കൊണ്ട് എല്ലാ വർഷവും ഫെബ്രുവരി 24-ാം തീയതി റവന്യൂ ദിനമായി ആചരിക്കാൻ സർക്കാർ ഉത്തരവായിട്ടുള്ളതാണ്. അതിൻെറ അടിസ്ഥാനത്തിൽ 2013, 2014, 2015 വർഷങ്ങളിൽ ഫെബ്രുവരി 24 റവന്യൂ ദിനമായി ആഘോഷിക്കുകയുണ്ടായി.<br><br>ഫെബ്രുവരി 24-ാം തീയതി റവന്യൂ ദിനമായി ആചരിക്കുന്നതിൻെറ ഭാഗമായി റവന്യൂ ഓഫീസുകൾ വഴി പൊതുജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും ജീവനക്കാരുടെ ഉത്സാഹം ഉണർത്തുന്നതിനും സംസ്ഥാനത്തെ ഓരോ ജില്ലയിലെയും മികച്ച ഡെപ്യൂട്ടി കളക്ടർ, മികച്ച തഹസിൽദാർ, മികച്ച ഡെപ്യൂട്ടി തഹസിൽദാർ മികച്ച സേവനം കാഴ്ച വയ്ക്കുന്ന മൂന്ന് വില്ലേജാഫീസർമാർ എന്നിവരെ തിരഞ്ഞെടുത്ത് പുരസ്കാരങ്ങൾ നൽകുകയുണ്ടായി. |

കൂടാതെ സംസ്ഥാനത്ത് ഏറ്റവും സ്തുത്യർഹവും പ്രശംസനീയവുമായ സേവനം കാഴ്ച വെച്ച ജില്ലാ കളക്ടർക്കും അന്നേ ദിവസം പുരസ്കാരം നൽകുകയുണ്ടായി. സർവ്വേ വകുപ്പിലെ മികച്ച ഉദ്യോഗസ്ഥർക്കും ടി ദിനത്തിൽ പുരസ്കാരങ്ങൾ നൽകുകയുണ്ടായി.

(ബി) റവന്യു വകുപ്പിൻെറ കാര്യക്ഷമമായ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ഇതോടനുബന്ധിച്ച് ആവിഷ്കരിച്ചിട്ടുളളത്;

(ബി) റവന്യു ദിനാചരണവുമായി ബന്ധപ്പെട്ട് റവന്യു വകുപ്പിലെ വിവിധ തലങ്ങളിലുള്ള ജീവനക്കാർക്ക് അവരുടെ പ്രവർത്തന മികവിനെ അടിസ്ഥാനമാക്കി പുരസ്ക്കാരങ്ങൾ നൽകി വരുന്നുണ്ട്. ഇത് ജീവനക്കാരിൽ കൂടുതൽ കാര്യക്ഷമവും മെച്ചപ്പെട്ടതുമായ സേവനം പൊതു ജനങ്ങൾക്ക് പ്രദാനം ചെയ്യാൻ പ്രേരിതമാക്കുന്നു. അത് മൂലം സാധാരണക്കാരായ പൊതുജനത്തിന് വേഗത്തിലും കാര്യക്ഷമവുമായ സേവനം ലഭിക്കുന്നതാണ്.

(സി) എന്തെല്ലാം തുടർ നടപടികളാണ് ഇതിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(സി) റവന്യു വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന വിവിധ പദ്ധതികളിന്മേലുള്ള സെമിനാറുകളും ദുരന്ത നിവാരണ-ലഘൂകരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനും ഏകോപനത്തിനുമുതകുന്ന ശിൽപ്പശാലകളും ഇതോടനുബന്ധിച്ച് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ